(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ

3. [*3] ശ്രീ. എൻ. രാജൻ :
,, കെ. പി. രാജേന്ദ്രൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി മലയാളികൾ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇവരെ ജയിൽ വിമുക്തമാക്കുന്നതിനും, നാട്ടിൽ തിരിച്ചെത്തിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമാപ്പിന് അർഹരായവരും എന്നാൽ, നാട്ടിൽ തിരിച്ചെത്താൻ കഴിയാതെ ജയിലുകളിലും പുറത്തുമായി കഴിയുന്ന മലയാളികളെ തിരിച്ചെത്തിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യൻ തടവുകാരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ ഇവരെ സംബന്ധിച്ച വിശദവിവരങ്ങൾ കൃത്യമായി പറയാനാവില്ല.

(ബി), (സി) അന്യായമോ നിസ്സാരമോ ആയ കാരണങ്ങളാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ നിരപരാധികളായ മലയാളികൾ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാരെ വിട്ടയക്കുന്നതിന് അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയുമായും കേന്ദ്ര വിദേശകാര്യ വകുപ്പുമായും സഹകരിച്ച് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ജയിലുകളിൽ കഴിയുന്ന പാവപ്പെട്ട പ്രവാസി മലയാളികളുടെ മോചനത്തിന്റെ കാര്യത്തിൽ ആവശ്യമായ പണം സ്വരൂപിക്കുന്നതിനും ദയാഹർജികൾ യഥാവസരങ്ങളിൽ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുന്നതിനും നോർക്ക ശ്രദ്ധിക്കാറുണ്ട്. കൂടാതെ പൊതുമാപ്പിന് അർഹരായവരുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ അവരെ എത്രയും വേഗം നാട്ടിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ട്. ജയിലുകൾക്കു വെളിയിലും ദുരിതമനുഭവിക്കുന്ന മലയാളികളെ സംബന്ധിച്ച വിവരങ്ങൾ നാട്ടിലെ ബന്ധുക്കൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ നോർക്ക വകുപ്പ് അവരെ നാട്ടിലേക്ക് കൊണ്ടുവരുന്നതിന് വളരെ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly